**അർത്ഥം അഥവാ പകരം പറയാവുന്ന പദം എഴുതുക. 4x1 = 4**

49. ബാറെക്മോർ 50. ഏവൻഗേലിയോൻ
51. മത്തിയാസ് 52. സെദ്റോ

**സുറിയാനി ലിപിയിൽ എഴുതുക. 2x2 = 4**

53. ഹേനൂൻ (ഇവർ) 54. ഏനൊ (ഞാൻ)

**ആര് ആരോട് പറഞ്ഞു. 3x2 = 6**

55. “നാഥാ അങ്ങ് ആരാകുന്നു”
56. നിന്റെ കാലു കഴുകാഞ്ഞാൽ നിനക്ക് എന്നോടു കൂടെ പങ്കില്ല
57. “നീ ശക്തനായിരിക്കുക, എന്തെന്നാൽ യരുശലേമിൽ നീ എന്നെ കുറിച്ച് സാക്ഷീകരിച്ചതുപോലെ റോമിലും സാക്ഷീകരിപ്പാനിരിക്കുന്നു.”

**വാക്യം എഴുതുക 2x3 = 6**

58. സങ്കീർത്തനങ്ങൾ 34:5, 59. 1 കോരിന്ത്യർ 15:19

**ഖണ്ഡിക എഴുതുക** (ഏതെങ്കിലും രണ്ടെണ്ണം) **2x4 = 8**

60. പ്രാകാരം
61. യെരുശലേം സുന്നഹദോസ് വിളിച്ചു കൂട്ടുവാൻ ഉണ്ടായ സാഹചര്യവും സുന്നഹദോസിന്റെ തീരുമാനങ്ങളും.
62. നാസിയാൻസിലെ വി.ഗ്രിഗോറിയോസ്

**ഗീതം പൂരിപ്പിക്കുക. 6**

63. ദൈവജനനീ ധന്യേ കന്യകമറിയാം ..................
................................. തന്മാതാവായ് ത്തീർന്നൊരു തരുണി. ബാറക്മോർ

**പ്രാർത്ഥന പൂർത്തിയാക്കുക. 8**

64. അത്യുന്നതങ്ങളിൽ സ്വർഗ്ഗത്തിലെ മാലാഖമാരും ......
യേശുമ്ശിഹായായ നീ മാത്രം കർത്താവുമാകുന്നു. ആമ്മീൻ

**or**

മേലുള്ള ഉയരങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ .................
കർത്താവാകുന്നു ആമ്മീൻ

**ഉപന്യാസം എഴുതുക** (ഏതെങ്കിലും ഒരെണ്ണം) **10**

65. വി.പൗലോസിന്റെ മൂന്നാം സുവിശേഷ യാത്ര

**or**

മക്കാബിയർ വംശത്തിന്റെ ഒന്നാം തലമുറയുടെ ചരിത്രം വിവരിക്കുക.

# M.J.S.S.A. വാർഷിക പരീക്ഷ - 2019

**Class IX** **Marks - 100**
**Time - 2.30 Hrs**

**ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക. 10x1 = 10**

1. ഏദോമ്യർ സദാ കാലത്തേയ്ക്കുമായി ഛേദിക്കപ്പെടുമെന്ന് പ്രവചിച്ചയാൾ (ഹഗ്ഗായി, മലാഖി, ഓബദ്യാ)
2. ദാവീദിന്റെ മരണം പ്രതിപാദിക്കുന്ന പുസ്തകം ?
(ദിനവൃത്താന്തം ഒന്നാം പുസ്തകം, ദിനവൃത്താന്തം രണ്ടാം പുസ്തകം, ആവർത്തന പുസ്തകം)
3. പത്ത് കല്പനകൾ അടങ്ങിയ രണ്ട് കല്പലകകൾ വെച്ചിരുന്ന അതി വിശുദ്ധ സ്ഥലത്തെ ഉപകരണം ?
( കൃപാസനം, നിയമപെട്ടകം, പ്രാകാരം)
4. പുതിയനിയമ പുസ്തകങ്ങൾ എഴുതിയവരിൽ യഹൂദനല്ലാത്ത ഏക എഴുത്തുകാരൻ ? (വി. ലൂക്കോസ്, വി.യോഹന്നാൻ, വി.പൗലോസ്)
5. പരി.സഭയിലെ ആദ്യത്തെ രക്തസാക്ഷി ?
( നിക്കാനോർ, ഫീലിപ്പോസ്, സ്തേഫാനോസ്)
6. ശൗലിന്റെ ജന്മനാട് ? ( കൈസറിയാ, തർശോസ്, ലുസ്ത്ര )
7. ഹേരോദ അഗ്രിപ്പ രാജാവ് യെരുശലേമിൽ വി. പത്രോസിനെ തടവിലാക്കിയ ദിവസം ? ( പെന്തിക്കോസ്തിനാൾ, ശാബത് നാൾ, പെസഹാപെരുന്നാൾ )
8. കന്യകമറിയത്തെ ആദ്യമായിട്ട് കർത്താവിന്റെ അമ്മ എന്ന് വിളിച്ചത് ആര് ? (ഏലിശുബ, ഹന്ന, മാർത്ത)
9. ഔഗേൻ മോർ തീമോത്തിയോസിന്റെ മുടക്ക് തീർത്ത് കാതോലിക്കയായി വാഴിച്ച പാത്രിയർക്കീസ്? (മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ, മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ, മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ)
10. എം.ജെ.എസ്.എസ്.എ. യുടെ പുതിയ പ്രസിഡന്റ് മെത്രാപ്പോലീത്ത? (നി.വ.ദി.ശ്രീ.ഡോ.മാത്യൂസ് മോർ അന്തീമോസ്, നി.വ.ദി.ശ്രീ.ഗീവറുഗീസ് മോർ കൂറീലോസ്, നി.വ.ദി.ശ്രീ.ഏലിയാസ് മോർ യൂലിയോസ്)

**പേരെഴുതുക.** **10x1 = 10**

11. ഏത് പ്രവാചകന്റെ പ്രവചനത്തിനു ശേഷമാണ് കുറേക്കാലത്തേയ്ക്ക് പ്രവാചകശബ്ദം നിലച്ചു പോയത് ?
12. ഇസ്രായേൽ രാഷ്ട്രം രണ്ടായി വിഭജിക്കപ്പെട്ടത് ഏതു രാജാവിന്റെ മരണത്തോടെയാണ് ?
13. സ്തോത്രയാഗമെന്നു പറയാറുള്ള യാഗം ?
14. ശ്ലൈഹീകപദവിയിൽ നിന്നു വിട്ടുപോയ ശ്ലീഹ ?
15. ശൗൽ തന്റെ സുവിശേഷ പര്യടനം ആരംഭിച്ച സ്ഥലം ?
16. കൈസര്യയിൽ വി.പൗലോസിനെതിരെ അന്യായം ബോധിപ്പിച്ച മഹാപുരോഹിതൻ ?
17. വിശ്വാസികളുടെ മരണത്തെ എന്തിനോട് ഉപമിച്ചിരിക്കുന്നു ?
18. മലങ്കരയുടെ പ്രകാശഗോപുരം എന്നറിയപ്പെടുന്ന പിതാവ് ?
19. വി.കുർബ്ബാനയിലും മറ്റ് ആരാധനകളിലും സെദ്റോയുടെ മുഖവുരയായി ചൊല്ലുന്ന പ്രാർത്ഥന?
20. കപ്പദോക്യൻ പിതാക്കന്മാരിൽ ഏറ്റവും കൂടുതൽ ഗ്രന്ഥങ്ങൾ എഴുതിയ പിതാവ് ?

**ശരിയോ തെറ്റോ എന്ന് എഴുതുക.** **10x1 = 10**

21. ശീമോന്റെ മരണശേഷം അദ്ദേഹത്തിന്റെ പുത്രനായ ജോൺ ഹിർക്കാനസ് ഭരണം ഏറ്റെടുത്തു.
22. അഞ്ച് മുഴം വീതിയും അഞ്ച് മുഴം നീളവും അഞ്ച് മുഴം ഉയരവുമുള്ളതാണ് യാഗപീഠം.
23. ആദിമസഭയുടെ ചരിത്രത്തിലെ അത്യന്തം പ്രാധാന്യമർഹിക്കുന്ന സംഭവങ്ങളിലൊന്നാണ് ശുശ്രൂഷകരുടെ തിരഞ്ഞെടുപ്പ്.
24. അക്വിലാസ് എന്ന കൂടാരപ്പണിക്കാരന്റേയും, ഭാര്യ പ്രിസ്കില്ലയുടേയും കൂടെ അവരുടെ വീട്ടിൽ വി.പത്രോസ് താമസിച്ചു.
25. വി.പൗലോസിന്റെ വിരോധികളായ ചിലർ അദ്ദേഹത്തെ കൊലപ്പെടുത്തുന്നതുവരെ യാതൊരാഹാരവും കഴിക്കുകയില്ലെന്ന് ശപഥം ചെയ്തു.
26. മനുഷ്യാവതാരത്തിന്റെ ലക്ഷ്യം തന്നെ അശുദ്ധനായിരുന്ന മനുഷ്യനെ വിശുദ്ധനാക്കുക എന്നതാണ്.
27. കാതോലിക്ക കക്ഷി ഉണ്ടാക്കി വെച്ചിരുന്ന ഭരണഘടന നമ്മുടെ ഇടവകകളുടെമേൽ അടിച്ചേൽപ്പിക്കുവാൻ അവർ ശ്രമിച്ചു.
28. വി.കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ തിരശ്ശീല വടക്ക് നിന്ന് തെക്കോട്ട് സാവധാനം നീക്കണം.
29. ഭൂവിലശേഷം എന്ന ഗീതം ചൊല്ലിയശേഷം പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ നിന്നാണ് വായിക്കുന്നത്.
30. സെദ്റോ പ്രാർത്ഥന കഴിഞ്ഞാൽ ഉടൻ ധൂപകുറ്റി വാഴ്ത്തുന്ന ക്രമമാണ്.



**പുസ്തകത്തിലേപ്പോലെ പൂരിപ്പിക്കുക.** **10x1 = 10**

31. ദൈവത്തിന് യരുശലേമിൽ ഒരു ആലയം പണിയുക എന്ന ലക്ഷ്യത്തോടെയാണ് ................... രാജാവ് ജനങ്ങളെ യരുശലേമിലേയ്ക്ക് മടങ്ങി പോകുവാൻ അനുവദിച്ചതെങ്കിലും മടങ്ങിയെത്തിയ ജനം അത് വിസ്മരിച്ചു.
32. രണ്ടര മുഴം നീളവും ഒന്നര മുഴം വീതിയുമുള്ള തങ്കം കൊണ്ടുണ്ടാക്കിയ ഒരു സ്വർണ്ണ പലകയാണ് ..................
33. ശരീരത്തിന്റെ പരിച്ഛേദനയെക്കാൾ ഹൃദയത്തിന്റെ ............യാണ് പ്രധാനം എന്ന പുത്തൻദർശനത്തിന് ശ്ലീഹന്മാർ ഊന്നൽ നൽകി.
34. യെരുശലേമിൽ ശൗൽ വി...... ശ്ലീഹയോടൊത്ത് 15 ദിവസം താമസിച്ചു.
35. അന്ത്യോഖ്യായിൽ നിന്ന് കരവഴിയായി ഗലാത്യ, ഫ്രൂഗ്യ വഴി നേരെ പടിഞ്ഞാറുള്ള ......... നഗരത്തിലെത്തി
36. വി.കന്യകമറിയാമിനെ ....................എന്ന് ആദിമകാലം മുതൽ വി.സഭ വിളിച്ചിരുന്നു.
37. മനുഷ്യന്റെ രക്ഷയ്ക്ക് വേണ്ടി ....... ഒരുക്കിയ രക്ഷയുടെ വഴി, ഏറ്റവും ശ്രേഷ്ഠവും, ദൈവീക നീതിക്ക് അനുരൂപവുമാണ്.
38. ...............ൽ സൺഡേസ്കൂൾ പ്രസ്ഥാനം, മലങ്കര യാക്കോബായ സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ എന്ന പേരിൽ പ്രവർത്തിക്കാൻ തുടങ്ങി.
39. യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തേണ്ടതായ സംഭവമാണ് .........കുർബ്ബാന.
40. പ്രാർത്ഥന കഴിഞ്ഞ് എഴുന്നേറ്റ പുരോഹിതൻ ........ യിൽ (ത്രോണോസിന്റെ മുന്നിലുള്ള ചവിട്ടുപടി) കയറി നിന്ന് കൊണ്ട് സമാധാന പ്രാർത്ഥന ആരംഭിക്കുന്നു.

**ചേരുംപടി ചേർക്കുക.** **8x1=8**

| | |
|---|---|
| 41. മലബാർ ഭദ്രാസനം | - പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ |
| 42. മഞ്ഞിനിക്കര | - തബീഥ |
| 43. ബർന്നബാസ് | - മ്ശംശോനോ |
| 44. വി.പത്രോസ് | - ഏലിയാ |
| 45. വി.പൗലോസ് | - അഭി.യൂഹാനോൻ മോർ പീലക്സീനോസ് |
| 46. യൂദാസ് മക്കാബി | - യോനാഥാൻ |
| 47. മോശ | - ഫെലിക്സ് |
| 48. പട്ടക്കാരൻ | - ദെബോരാ |
| | - ഇന്ദ്രൻ |